<u>**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം.**</u>

വിഷയം: - ആ.വ.ഡ –ജീവനക്കാര്യം– ആരോഗ്യ വകുപ്പിന് കീഴിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ഗ്രേഡ് I , തസ്തികകൾ 1:1 അനുപാതത്തിൽ ക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. ഉത്തരവ് നം.ഇ 4- 6552/2017/ആ.വ.ഡ തീയതി. 09.11.2018.
2. സ.ഉ (കൈ)നം.22/2020/തൊഴിൽ തീയതി. 23.03.2020.
3. സ.ഉ (കൈ)നം.190/2020/ആ.കു.വ തീയതി. 06.11.2020
4. സ.ഉ (കൈ)നം.129/2020/ആ.കു.വ തീയതി. 01.10.2020
5. സ.ഉ (കൈ)നം.143/2021/ആ.കു.വ തീയതി. 03.08.2021
6. സ.ഉ (കൈ)നം.84/2022/ആ.കു.വ തീയതി. 23.04.2022.
7. സ.ഉ (സാധാ)നം.1662/2017/ആ.കു.വ തീയതി. 14.06.2017.

<u>**ഉത്തരവ് നം.ഇ 4 - 3590/2020/ആ.വ.ഡ, തീയതി 02.09.2022.**</u>

നിലവിൽ ആരോഗ്യവകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ടിരുന്ന 1792 ഫാർമസിസ്റ്റ് തസ്തികകൾ 1:1 അനുപാതത്തിൽ ക്രമീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ ഉണ്ടായിരുന്ന ഐടിഐകളിലെ 20 ഫാർമസിസ്റ്റ് തസ്തികകൾ കൂടി ഉൾപ്പെടുന്നതായിരുന്നു ടി 1792 തസ്തികകൾ. പരാമർശം (2) ഉത്തരവ് പ്രകാരം ഐടിഐകളിലെ ഫാർമസിസ്റ്റ് തസ്തികകൾ റദ്ദ് ചെയ്ത് സർക്കാർ ഉത്തരവായിരുന്നു. ഇതേ തുടർന്ന് ഫാർമസിസ്റ്റ് തസ്തികകളുടെ എണ്ണം 1772 ആയി മാറിയിരുന്നു.

പരാമർശം (1)ലെ ഉത്തരവിന് ശേഷം ആരോഗ്യ വകുപ്പിൽ വിവിധ ജില്ലകളിലായി പരാമർശം 3,4,5,6 ഉത്തരവുകൾ പ്രകാരം 59 ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകൾ കൂടി സൃഷ്ടിച്ച് സർക്കാർ ഉത്തരവായിരുന്നു. ഇതനുസരിച്ച് ആരോഗ്യ വകുപ്പിന് കീഴിൽ 1831 ഫാർമസിസ്റ്റ് തസ്തികകളാണ് നിലവിൽ ഉള്ളത്. ആരോഗ്യ വകുപ്പിന് കീഴിൽ 1831 അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് തസ്തികകളെ 1:1 അനുപാതത്തിൽ പുനഃക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.01.08.2022 തീയതിയിൽ നിലവിലുള്ള ഫാർമസിസ്റ്റ് തസ്തികകളിലെ എണ്ണം കണക്കാക്കിയാണ് ഈ അനുപാതം പുനഃക്രമീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഓരോ ജില്ലകളിലും അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ് I ഗ്രേഡ് II തസ്തികകളുടെ എണ്ണം 1:1 അനുപാതത്തിൽ ക്രമീകരിച്ച് അനക്സർ (1) ആയി ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

0155349

GOVERNMENT OF KERALA

ഫാർമസിസ്റ്റ് ഗ്രേഡ് I ഗ്രേഡ് II ജീവനക്കാരുടെ എണ്ണത്തിൽ 1:1 അനുപാതം നിലനിർത്തുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇതു പ്രകാരം നിലവിൽ വരുന്ന ഗ്രേഡ് I തസ്തികയിലെ ഒഴിവുകൾ അടിയന്തിരമായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജില്ലകളിലുള്ള സ്ഥാപനങ്ങളിലെ ഫാർമസിസ്റ്റ് ജീവനക്കാരുടെ സ്ഥലം മാറ്റം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നിലവിലെ നിയമങ്ങൾ പ്രകാരം നടത്തേണ്ടതാണ്.

ഒപ്പ്/-
ഡോ. പ്രീത. പി.പി
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം.
ഇടുക്കി/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്/മലപ്പുറം/പാലക്കാട്/
കണ്ണൂർ/കാസർഗോഡ്/വയനാട്.

പകർപ്പ്-

1. എല്ലാ സ്ഥാപനമേധാവികൾക്കും
   (ജില്ലാ മെഡിക്കൽ ആഫീസർ, മുഖേന).
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
3. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

## അനക്സർ - 1

ജില്ലകളിലെ ഫാർമസിസ്റ്റ് ഗ്രേഡ് II ഗ്രേഡ് I അനുപാതം 1 :1 ആയി ക്രമീകരിച്ച പട്ടിക .

| നം | ജില്ല | അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് തസ്തികകൾ | ഫാർമസിസ്റ്റ് ഗ്രേഡ് I | ഫാർമസിസ്റ്റ് ഗ്രേഡ് II |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 187 | 94 | 93 |
| 2 | കൊല്ലം | 121 | 60 | 61 |
| 3 | പത്തനംതിട്ട | 90 | 45 | 45 |
| 4 | ആലപ്പുഴ | 132 | 66 | 66 |
| 5 | കോട്ടയം | 122 | 61 | 61 |
| 6 | ഇടുക്കി | 84 | 42 | 42 |
| 7 | എറണാകുളം | 179 | 89 | 90 |
| 8 | തൃശ്ശൂർ | 164 | 82 | 82 |
| 9 | പാലക്കാട് | 148 | 74 | 74 |
| 10 | മലപ്പുറം | 174 | 87 | 87 |
| 11 | കോഴിക്കോട് | 131 | 66 | 65 |
| 12 | വയനാട് | 60 | 30 | 30 |
| 13 | കണ്ണൂർ | 156 | 78 | 78 |
| 14 | കാസർഗോഡ് | 83 | 41 | 42 |
| | ആകെ | 1831 | 915 | 916 |

s/d
Dr.Preetha.P.P
The Director of Health Services

Forwarded

Superintendent

0155349

GOVERNMENT OF KERALA